പുലിമുട്ട് ശൃംഖല സ്ഥാപിക്കാൻ നടപടി

234 (923) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഐ.ഐ.റ്റി. പഠനം പൂർത്തിയാക്കിയ പഴയങ്ങാടി മുതൽ കോമന വരെ 26 പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുവേണ്ടി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിക്ക് നബാർഡിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പുലിമുട്ട് സ്ഥാപിക്കൽ എന്നു മുതൽ ആരംഭിക്കുവാൻ കഴിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 22.01 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ 29-9-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 821/2015/ജ.വി.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തശേഷം പണി തുടങ്ങുവാൻ സാധിക്കും.

കിള്ളിയാർ സംരക്ഷണ പദ്ധതി

235 (924) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാർ സംരക്ഷണ പദ്ധതിയുടെ ഭാഗമായി മേജർ ഇറിഗേഷൻ വകുപ്പ് തിരുവനന്തപുരം നഗര പരിധിക്കുള്ളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത് ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മരുതംകുഴി നിവർ വാലി ഭാഗത്തെ വെള്ളപ്പൊക്കം തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കിള്ളിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷണ ഭിത്തി നിർമ്മാണമാണ് പ്രധാനമായും ചെയ്യുവരുന്നത്. ഈ പ്രവൃത്തി വഴയില മുതൽ പള്ളത്തുകടവ് വരെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മരുതംകുഴിയിൽ 26-8-2015-ലുണ്ടായ ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്ന് ബണ്ട് പൊളിഞ്ഞുപോയ ഭാഗത്ത് കോൺക്രീറ്റ് ഭിത്തി നിർമ്മിച്ചു. ഈ ഭാഗം മുതൽ കാട്ടുവെട്ടി പാലം വരെയുള്ള ഭാഗം ഉയരം ക്രമീകരിക്കുന്നതിനും സെക്രട്ടേറിയറ്റ് കോളനിയിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എം.ആർ.എ. യുടെ സമീപത്തുനിന്ന് മരുതംകുഴി പുതിയപാലം വരെ (460 മീ.) കിള്ളിയാറിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്ന പദ്ധതിക്ക് ജില്ലാ കളക്ടർ രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകി സാധൂകരണത്തിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. അടിയന്തര സ്വഭാവം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഇതുകൂടാതെ കാട്ടുവെട്ടി പാലത്തിന്റെ കാഞ്ഞിരംപാറയിൽ നിന്നുമുള്ള Approach road ഉയർത്തുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി മറ്റൊരു പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. മേൽവിവരിച്ച പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ പ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

ഭൂജല പരിപോഷണം പദ്ധതി

236 (925) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly